**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് പരിശോധന - പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി.കെ.രാധാമോഹൻ - അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 2833 / 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 3.11.2018

പരാമർശം :- 1. ചീഫ് ടൗൺപ്ലാനറുടെ 20.01.2015 ലെ സി.റ്റി.പി(വിജി) 966/ 14 നമ്പർ കത്ത്

2. പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി.കെ.രാധാമോഹനെതിരെ നൽകിയ 14.02.2016 ലെ ഇയു1/ 414/ 2015- തസ്വഭവ നമ്പർ നോട്ടീസ്.

3. കുറ്റപത്രത്തിന് ശ്രീ. പി.കെ.രാധാമോഹൻ സമർപ്പിച്ച പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 29.08.2016 ലെ വി2/ 7788/ 16 നമ്പർ കത്ത്

**ഉത്തരവ്**

പയ്യന്നൂർ നഗരസഭയിൽ ചീഫ് ടൗൺപ്ലാനർ (വിജിലൻസ്) 15.01.2015 ൽ നടത്തിയ പരിശോധനയിൽ ബി.എ- 47/ 10- 11 നമ്പർ പെർമിറ്റ് അനുവദിച്ചതിൽ ക്രമക്കേട് നടന്നിട്ടുള്ളതായി സൂചന (1) പ്രകാരം റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി.കെ.രാധാമോഹനെതിരെ അച്ചടക്കനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി സൂചന (2) പ്രകാരം നോട്ടീസ് നൽകിയിരുന്നു. സൂചന(3) പ്രകാരം ശ്രീ. പി.കെ.രാധാമോഹൻ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു.

ശ്രീ.പി.കെ.രാധാമോഹൻ ആവശ്യപ്പെട്ട പ്രകാരം ടിയാളെ നേരിൽ കേൾക്കുന്നതിന് അവസരം നൽകിയിരുന്നു. പി.കെ.രാധാമോഹനെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും പ്രസ്തുത സമയത്ത് യാതൊരുവിധ ചട്ടലംഘനവും നിലവിലുണ്ടായിരുന്നില്ലെന്നും ആയതിന് ശേഷം 22/ 12/ 2010 തീയതിയിൽ പയ്യന്നൂർ നഗരസഭയിൽ നിന്നും വിടുതൽ ചെയ്ത് പോയിട്ടുള്ളതാണെന്നും ഈ കാലയളവിലൊന്നും ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനായി അപേക്ഷിച്ചിട്ടില്ലായിരുന്നു എന്നും മേൽ വസ്തുതകൾ പരിഗണിച്ച് വിഷയവുമായി ബന്ധപ്പെട്ട അനന്തര നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും വാദിച്ചിരുന്നു. ശ്രീ.പി.കെ.രാധാമോഹൻ 31.05.2013 സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു. ശ്രീ.പി.കെ.രാധാമോഹന്റെ വാദഗതി നഗരകാര്യ ഡയറക്ടർ സൂചന(4)പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടിയാൻ 22.10.2010 തീയതിയിൽ നഗരസഭയിൽ നിന്നും വിടുതൽ ചെയ്യുന്നത് വരെ ടി കെട്ടിടത്തിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്തതും പയ്യന്നൂർ വില്ലേജിലെ റീസർവേ നം. 135/ 3 എ, 135/ 4 എ വസ്തുവിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണ പ്രവർത്തനം ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതായും ആയതിനാൽ പി.കെ.രാധാമോഹന്റെ വാദഗതി അംഗീകരിച്ച് ടിയാനെതിരെ ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി.കെ.രാധാമോഹൻ സമർപ്പിച്ച പ്രതിവാദ പത്രിക നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി എന്നിവയുടെ

[illegible] സ്ഥാനത്തിലും റി.സർവ്വേ.നം.135/3എ, 135/4എ ൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനം ക്രമീകരിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിലും ശ്രീ.പി.കെ.രാധാമോഹൻ 31.05.2013 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും പയ്യന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ശ്രീ.പി.കെ.രാധാമോഹനെതിരെ ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ്ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ശ്രീ പി.കെ.രാധാമോഹൻ, മുൻസെക്രട്ടറി, പയ്യന്നൂർ നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**